"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി പ്രസ്തുത ബോർഡിന്റെ ജനറൽ ബോഡി വിളിച്ച് ചേർക്കുന്നതിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.133/2025/SJD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. 24.09.2020-ലെ സ. ഉ. (എം.എസ്) നമ്പർ. 25/2020/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
2. കേരള സംസ്ഥാന ഓർഫനേജ് കണ്ട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 22.05.2025-ലെ എസ്.ജെ.ഡി./2525/2025-ഒ.സി.ബി.1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം-1 സർക്കാർ ഉത്തരവ് പ്രകാരം പുനസംഘടിപ്പിച്ച 12-ാമത് കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിലെ അംഗങ്ങളുടെ കാലാവധി 2025 സെപ്റ്റംബർ മാസം 23-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി ബോർഡിന്റെ ജനറൽ ബോഡി വിളിച്ചുചേർത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സാമൂഹ്യനീതി ഡയറക്ടറെ പ്രസ്തുത തിരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ഓഫീസറായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും, ആയതിനോടൊപ്പം പ്രസ്തുത പരിപാടിയുടെ ചെലവിനായി ബോർഡിന്റെ പി.ഡി അക്കൗണ്ടിൽനിന്ന് 6,75,000/- രൂപ വിനിയോഗിക്കുന്നതിന് ബോർഡിന് അനുമതിനൽകണമെന്നും ബോർഡിന്റെ മെമ്പർ സെക്രട്ടറി പരാമർശം 2-പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. കേരളസംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി ബോർഡിന്റെ ജനറൽ ബോഡി വിളിച്ച് ചേർക്കുന്നതിനും പുതിയ അംഗങ്ങളെ തിരഞ്ഞെടുപ്പ് മുഖാന്തരം കണ്ടെത്തുന്നതിനും അനുമതി നൽകികൊണ്ടും സംസ്ഥാന സാമൂഹ്യനീതി ഡയറക്ടറെ തിരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ഓഫീസറായി ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ജനറൽ ബോഡി വിളിച്ചുചേർക്കുന്നതിനായി 6,75,000/- രൂപ പ്രസ്തുത ബോർഡിന്റെ ജില്ലാ ട്രെഷറിയിലുള്ള പി.ഡി അക്കൗണ്ടിൽനിന്ന് വിനിയോഗിക്കുന്നതിനും അനുമതിനൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ

ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്,
വികാസ് ഭവൻ, മൂന്നാംനില, തിരുവനന്തപുരം
സാമൂഹ്യനീതി ഡയറക്ടർ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം,
തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ് / സ്കീംലൈനിംഗ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 04-06-2025 16:51:46

സെക്ഷൻ ഓഫീസർ